# കേരള സർക്കാർ
## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
### ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
### തിരുവനന്തപുരം– 695 001

**<u>പത്രക്കുറിപ്പ്</u>**

**<u>ഡി.എൻ.ബി. പോസ്റ്റ് എം.ബി.ബി.എസ് /ഡി.എൻ.ബി. പോസ്റ്റ് ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനം 2021 – അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.</u>**

2021–22 വർഷത്തെ ഡി .എൻ.ബി. പോസ്റ്റ് എം.ബി.ബി.എസ്/ഡി.എൻ.ബി. പോസ്റ്റ് ഡിപ്ലോമ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ അലോട്ട്മെന്റ് വിവരങ്ങൾ ലഭ്യമാണ്. ഡി.എൻ.ബി. പോസ്റ്റ് എം.ബി.ബി.എസ് കോഴ്സിലേക്കുള്ള അല്ലോട്മെന്റിൽ മെഡിക്കൽ എഡ്യൂക്കേഷൻ സർവീസ് മെറിറ്റ് ലിസ്റ്റിൽ നിന്നുള്ളവരെ ഉൾപ്പെടുത്തിയിട്ടില്ല. ഇവരുടെ അലോട്ട്മെന്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.അലോട്ട്മെന്റ് പ്രകാരം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ മേൽ വെബ് സൈറ്റിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 10.03.2022 മുതൽ 14.03.2022 ഉച്ചയ്ക്ക് 2.00 മണിക്ക് മുമ്പായി അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം പ്രസ്തുത ആശുപത്രിയിൽ/സെന്ററുകളിൽ ഹാജരായി ഫീസ് അടച്ച് പ്രവേശനം നേടേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം ഫീസ് ഒടുക്കി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്. 14.03.2022 വൈകുന്നേരം 3.00 മണിയ്ക്ക് ബന്ധപ്പെട്ട ആശുപത്രിയിൽ/സെന്ററുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതാതു ഡിപ്പാർട്മെന്റുകളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 04712525300

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.08 17:11:48 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
08/03/2022